# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4376      21.03.2018-ൽ മറുപടിയ്ക്ക്

### നോർക്ക വഴിയുള്ള പദ്ധതികളുടെ വിപുലീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആന്റണി ജോൺ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പ്രവാസികൾക്ക് വലിയ തോതിൽ തൊഴിൽ നഷ്ടവും സാമ്പത്തിക നഷ്ടവും മൂലം ഗൾഫ് മേഖലയിൽ തൊഴിലാളികൾക്കുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി കേരളത്തിന്റെ സാമ്പത്തിക ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) ഗൾഫ് രാജ്യങ്ങളിലെ പ്രവാസി മലയാളികൾക്കിടയിൽ ഉണ്ടായ തൊഴിൽ നഷ്ടവും സാമ്പത്തിക നഷ്ടവും മൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടത്തിന്റെ യഥാർത്ഥ കണക്ക് ലഭ്യമല്ല. ഇത് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഗണ്യമായ ആഘാതം ഉണ്ടാക്കുവാൻ സാധ്യതയുണ്ട്. |
| ബി) തൊഴിൽ നഷ്ടം മൂലം തിരിച്ചെത്തുന്ന പ്രവാസികൾക്ക് നോർക്ക വഴി ലഭ്യമാകുന്ന സഹായങ്ങൾ വിപുലീകരിക്കുമോ ; വിശദമാക്കാമോ ? | ബി) മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസത്തിനായി 11.03.2013 ലെ ജി.ഒ(ആർ.ടി) നം. 75/2013/നോർക്ക നം. ഉത്തരവ് പ്രകാരം നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ, സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുന്ന പദ്ധതിയാണ് ഇത്. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിന് ശേഷം തിരികെവന്ന പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. നിലവിൽ നോർക്ക റൂട്ട്സും സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായി ഒപ്പുവയ്ക്കപ്പെട്ട ധാരണാ പത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവ് നല്കിയാണ് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. മേൽപ്പറഞ്ഞ ദേശ സാൽകൃത ബാങ്കുകൾക്ക് പുറമേ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോഓപ്പറേറ്റീവ് സൊസൈറ്റി എന്നിവരുമായി ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ